രക്ഷയുടെ പാതയിൽ-7



7

# ഈശോയുടെ പ്രബോധനങ്ങൾ

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

## ഉള്ളടക്കം


1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപികരണം
15. സുവിശേഷ ഭാഗ്യങ്ങൾ




# സത്യം പറയുക



**ദൈവം സത്യവാനാകയാൽ ദൈവമക്കളായ നമ്മളും സത്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു** (റോമ 3:4).

**എപ്പോഴും സത്യസന്ധമായി മാത്രം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം എന്നാണ് കള്ളസാക്ഷ്യം പറയരുതെന്ന എട്ടാം പ്രമാണം നമ്മെ അനുസ്മരിപ്പിക്കുന്നത്.**




1. സത്യത്തിന്റെ പ്രസക്തി

2. സത്യത്തിന് സാക്ഷ്യം വഹിക്കുക

3. സത്യത്തിന് വിരുദ്ധമായ തിന്മകൾ

# സത്യത്തിന്റെ പ്രസക്തി

- ചിന്തയിലും വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പാലിക്കുവാൻ നമുക്കോരോരുത്തർക്കും കടമയുണ്ട്. സത്യസന്ധത പാലിക്കാനുള്ള ദൈവിക പ്രേരണയോടെയാണ് ഓരോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സത്യത്തിന്റെ പൂർണ്ണത ദൈവമാണ്.



## സത്യത്തിന് സാക്ഷ്യം വഹിക്കുക

- സത്യത്തിന് സാക്ഷ്യം വഹിക്കുക എന്നതാണ് ക്രൈസ്തവരായ നമ്മുടെ ദൗത്യം. സത്യത്തിന് വിരുദ്ധമായ പ്രസ്താവനകളെല്ലാം കള്ളമാണ്. മററുള്ളവർക്ക് സത്യം അറിയാൻ അവകാശമുണ്ട്. അത് നിഷേധിക്കുന്നതും കള്ളം പറയുക എന്നതിന് തുല്യമാണ്.

# സത്യത്തിന് വിരുദ്ധമായ തിന്മകൾ

❖ **അപവാദം**

- ഒരു വ്യക്തിയെക്കുറിച്ച് സത്യവിരുദ്ധമോ, രഹസ്യ സ്വഭാവമുള്ളതോ ആയ കാര്യങ്ങൾ പറഞ്ഞുപരത്തുന്നതാണ് അപവാദം. അപവാദം പറയുന്നവരും അത് കേട്ട് ആസ്വദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരും ഒരു പോലെ എട്ടാം പ്രമാണത്തിനെതിരായി തെററ് ചെയ്യുന്നു.



## ❖ ഏഷണി

- 2 പേർ തമ്മിൽ കലഹമോ ശത്രുതയോ ഉണ്ടാക്കുക എന്നതാണ് ഏഷണി പറയുന്നതിന്റെ ഉദ്ദേശ്യം.

## ❖ നുണ

- സ്വന്തം ബോധ്യത്തിനും അറിവിനും എതിരായി സംസാരിക്കുന്നതാണിത്. സത്യം മറച്ചുവച്ച് സംസാരിക്കുന്നത്, അതായത് ഉള്ളത് ഇല്ലെന്നു പറയുന്നതും ഇല്ലാത്തവ ഉണ്ടെന്നു പറയുന്നതും എട്ടാം പ്രമാണത്തിന്റെ ലംഘനമാണ്.

## ❖ രഹസ്യം വെളിപ്പെടുത്തൽ

- ഒളിഞ്ഞു നോക്കുക, സംസാരം മറഞ്ഞുനിന്നു കേൾക്കുക, മററുള്ളവരുടെ കത്തുകൾ അവരുടെ അനുവാദം കൂടാതെ വായിക്കുക തുടങ്ങിയവയെല്ലാം തെററാണ്.

## ❖ സൽപേര് നശിപ്പിക്കൽ

- ഒരാൾ തെററുകാരനാണെന്ന് വ്യാജമായി പറയുകയും അതിന് സാക്ഷ്യം നിൽക്കുകയുമാണ് സൽപേര് നശിപ്പിക്കുന്നതിലൂടെ ചെയ്യുന്നത്.

❖ പരീക്ഷയിലെ കോപ്പിയടിക്കൽ

- തനിക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങൾ താൻ പഠിച്ചെന്ന് അധ്യാപകനെ തെററിദ്ധരിപ്പിക്കുകയും അർഹമല്ലാത്ത മാർക്ക് കരസ്ഥമാക്കുകയുമാണ് ഇവിടെ നടക്കുന്നത്. കോപ്പിയടിക്കുന്നതും അതിന് സഹായിക്കുന്നതും ഒരുപോലെ തിന്മയാണ്.

## ❖ മുഖസ്തുതി പറയൽ

- ഒരുവന് ഇല്ലാത്ത ഗുണങ്ങൾ ഉണ്ടെന്ന് പറയുന്നതും ഒരുവന്റെ തിന്മ നിറഞ്ഞ പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുകയും സ്ഥിരീകരിക്കുകയും ചെയ്ത് പറയുന്നതുമായ വാക്കുകളാണ് മുഖസ്തുതി. സത്യം അറിയാനുള്ള ഈ അവകാശമാണ് കള്ളം പറയുമ്പോൾ ലംഘിക്കപ്പെടുന്നത്.

# നമുക്കു പ്രാർത്ഥിക്കാം

**സത്യം തന്നെയായ ഈശോയെ, ഞങ്ങളുടെ ജീവിതംകൊണ്ട്**

**സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ ഞങ്ങളെ**

**അനുഗ്രഹിക്കേണമേ.**

# നമുക്കു പാടാം

(വഞ്ചിപ്പാട്ട്...)



സത്യം തന്നെയായ യേശു
തന്നരികെ വന്നുചേർന്ന
ശിഷ്യരോടായോതിയല്ലോ
തിരുമൊഴികൾ

നിന്റെ വാക്ക് സത്യമായും
അതെ യെന്നൊ അല്ലാ യെന്നോ,
മാത്രമായി ഭവിക്കട്ടെ,
വ്യാജം വെടിയൂ.

വിശ്വസിക്കാം പരസ്പരം
സത്യം മാത്രം ചൊല്ലിയെന്നാൽ
അപവാദം, ഏഷണിയും
കൈവെടിഞ്ഞിടാം.

പൊങ്ങച്ചവും, മുഖസ്തുതി
ദൈവമക്കൾക്കനുയോജ്യ
മല്ലയെന്നുറച്ചിടുക
ശങ്കകൂടാതെ.

സത്യമേകും സ്വാതന്ത്ര്യത്തെ
അനുഭവിച്ചാനന്ദിക്കാം
ചരിച്ചിടാം നിത്യവും നാം
യേശുനാഥനിൽ

# ദൈവവചനം വായിക്കാം;

# വിവരിക്കാം

(യോഹ .6:31-38)



# വഴി കാട്ടാനൊരു തിരുവചനം

**നിങ്ങൾ എല്ലാ തിന്മയും വഞ്ചനയും കാപട്യവും അസൂയയയും അപവാദവും ഉപേക്ഷിക്കുവിൻ**

(1 പത്രോ. 2:1).

# എന്റെ തീരുമാനം

**എന്തു വിലകൊടുത്തും സത്യസന്ധതയെ**

**ജീവിതമൂല്യമായി ഞാൻ കാത്തു സൂക്ഷിക്കും.**

Thank you